പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7231 03/11/2011-ൽ മറുപടിക്ക്

<u>ഗസ്റ്റ് എഡിറ്റർ നിയമനം</u>

ചോദ്യം
ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം
ശ്രീ. കെ. സി. ജോസഫ്
ബഹു: ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള സ്ഥിരം അക്കാദമിക് ജീവനക്കാർക്കുള്ള ഓഫീസും മറ്റു സൗകര്യങ്ങളും നൽകി എത്ര വ്യക്തികളെയാണ് എഡിറ്റർമാരായി നിയമിച്ചിട്ടുള്ളത്; ഇവരുടെ പേരും ഗസ്റ്റ് എഡിറ്റർ നിയമനം നേടുന്നതിനായി ഇവർ സമർപ്പിച്ച അക്കാദമിക് യോഗ്യതകളും എന്താണ്; | (എ) | ഗസ്റ്റ് എഡിറ്റർമാരായി ആരെയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിച്ചിട്ടില്ല. എന്നാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇപ്പോൾ വേണ്ടത്ര എഡിറ്റർമാർ ഇല്ലാത്തതിനാൽ വിദ്യാഭ്യാസ പുസ്തകങ്ങൾ എഡിറ്റ് ചെയ്യുവാൻ ഡോ. രവിശങ്കർ.എസ്.നായരെയും മഹാൻമാരുടെ ജീവചരിത്രം രചിക്കാൻ ആവിഷ്കരിച്ച അറിവ് - നിറവ് പുസ്തക പരമ്പരയുടെ പുസ്തകങ്ങൾ എഡിറ്റ് ചെയ്യുന്നതിന് ശ്രീ.എം. ചന്ദ്രപ്രകാശിനെയും ഗസ്റ്റ് എഡിറ്റർമാരായി നിയോഗിച്ചിട്ടുണ്ട്. ഇവരുടെ യോഗ്യതകൾ ചുവടെ ചേർക്കുന്നു.<br><u>ഡോ. രവിശങ്കർ.എസ്.നായർ</u><br>1. എം.എ (ലിംഗ്വിസ്റ്റിക്സ്)<br>2. പി.എച്ച്.ഡി<br>3. ദ്രവീഡിയൻ ലിംഗ്വിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ടിലെ അസോസിയേറ്റ് എഡിറ്റർ എന്ന നിലയിലുള്ള പരിചയം<br>4. എസ്.സി.ആർ.ടി മുൻ അസിസ്റ്റന്റ് പ്രൊഫസർ എന്ന നിലയിലുള്ള പരിചയം.<br><u>ശ്രീ.എം. ചന്ദ്രപ്രകാശ്:</u><br>1. മലയാള സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം.<br>2. പത്രപ്രവർത്തനത്തിൽ ഡിപ്ലോമ. |
| (ബി) | ഗസ്റ്റ് എഡിറ്റർമാരായി നിയമിച്ച വ്യക്തിക്ക് എഴുത്തുകാരെ നേരിട്ട് സമീപിച്ച് പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് ഉത്തരവ് നൽകുവാൻ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം വിഭാഗം അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി നൽകാമോ; | (ബി) | ഗ്രന്ഥകർത്താക്കളുമായി കരാറിടപാടുകൾ നടത്തുന്നതും എഗ്രിമെന്റ് ഒപ്പിടുന്നതും ഡയറക്ടറാണ്. |
| (സി) | ഇൻസ്റ്റിറ്റ്യൂട്ട് വക ഡി.റ്റി.പി. ജോലികൾ കമ്പ്യൂട്ടർ സ്ഥാപനങ്ങൾക്ക് നൽകുവാൻ ഗസ്റ്റ് എഡിറ്റർക്ക് അധികാരമുണ്ടോ; | (സി) | ഇൻസ്റ്റിറ്റ്യൂട്ട് വക ഡി.റ്റി.പി ജോലികൾ കമ്പ്യൂട്ടർ സ്ഥാപനങ്ങൾക്ക് നൽകുന്നത് പബ്ലിക്കേഷൻ അസിസ്റ്റന്റ് ഡയറക്ടർ മുഖേനയാണ്. |
| (ഡി) | പ്രൂഫ് റീഡിംഗിനുള്ള പ്രതിഫലവും ഗസ്റ്റ് എഡിറ്ററുടെ ശമ്പളവും ഒരേ സമയം ഏതെങ്കിലും എഡിറ്റർമാർ കൈപ്പറ്റിയിട്ടുണ്ടോ; എങ്കിൽ അത് നൽകിയതും കൈപ്പറ്റിയതും എന്ത് മാനദണ്ഡത്തിലാണ്? | (ഡി) | ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുള്ള നിയമമനുസരിച്ച് ഗസ്റ്റ് എഡിറ്റർക്ക് ഗ്രന്ഥകർത്താവിന് നൽകുന്ന പ്രതിഫലത്തിന്റെ മുപ്പതു ശതമാനവും പ്രൂഫ് റീഡിംഗിന് പേജ് ഒന്നിന് 8/- രൂപയും നൽകാം . ഈ ജോലി ചെയ്യുന്നവർക്ക് അതനുസരിച്ച് പ്രതിഫലം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ